**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 931** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഊരുകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനായി ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിലെ ജനതയുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും തൊഴിലിനും ഊന്നൽ നൽകി സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പ് C-DAC ന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയാസ്.<br><br>സാമൂഹ്യ പഠനമുറികളെയും മറ്റ് പൊതു ഇടങ്ങളെയും ഉൾക്കൊള്ളിച്ച്, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കി, തിരുവനന്തപുരം ആർ.സി.സി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരോഗ്യ അവബോധം, രോഗനിർണ്ണയം എന്നിവയ്ക്കുതകുന്ന കേന്ദ്രങ്ങളായി ഉയർത്തുകയും മാരക രോഗങ്ങൾ തുടക്കത്തിലേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുകയുമാണ് പദ്ധതിയുടെ സുപ്രധാന ലക്ഷ്യം.<br><br>പദ്ധതിയുടെ ഭാഗമായി കോ-ഓർഡിനേഷൻ സെന്റർ, സ്റ്റുഡിയോ റൂം എന്നിവ സ്ഥാപിച്ച് എല്ലാ സാമൂഹ്യ പഠനമുറികളിലേയ്ക്കും ക്ലാസുകൾ സംപ്രേഷണം ചെയ്യാനും, വിദ്യാർത്ഥികൾക്ക് അധ്യാപകരോട് സംവദിക്കാനും അവസരം ലഭിക്കും.<br><br>പദ്ധതിക്കാവശ്യമായ ജീവനക്കാരെ അതാത് പ്രദേശങ്ങളിലെ യോഗ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നുമാണ് തിരഞ്ഞെടുക്കുന്നത്. അതുവഴി അഭ്യസ്തവിദ്യരായ നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും. ഇതിനകം 8 നഴ്സ്, 3 സപ്പോർട്ടിംഗ് സ്റ്റാഫ്, 1 എഞ്ചിനീയർ എന്നിവർക്ക് നിയമനം നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ആദ്യഘട്ടം 16.10.2022 ന് വയനാട് ജില്ലയിലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായുള്ള രോഗ നിർണ്ണയ ക്യാമ്പുകൾ 29.07.2023 ന് ആരംഭിച്ച് തുടർന്നു വരികയാണ്.<br><br>ഗുണഭോക്താക്കളുടെ പട്ടിക ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായവരുടെ എണ്ണവും പ്രസ്തുത പദ്ധതിയുടെ ലക്ഷ്യമെന്താണെന്നും വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗ മേഖലകളിലെ ജനതയുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും തൊഴിലിനും ഊന്നൽ നൽകി സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പ് C-DAC ന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയാസ്.<br><br>സാമൂഹ്യ പഠനമുറികളെയും മറ്റ് പൊതു ഇടങ്ങളെയും ഉൾക്കൊള്ളിച്ച്, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കി, തിരുവനന്തപുരം ആർ.സി.സി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്തോൽമോളജി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരോഗ്യ അവബോധം, രോഗനിർണ്ണയം എന്നിവയുറപ്പുവരുത്തുന്ന കേന്ദ്രങ്ങളായി ഉയർത്തുകയും മാരക രോഗങ്ങൾ തുടക്കത്തിലേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുകയുമാണ് പദ്ധതിയുടെ സുപ്രധാന ലക്ഷ്യം.<br><br>പദ്ധതിയുടെ ഭാഗമായി കോ-ഓർഡിനേഷൻ സെന്റർ, സ്റ്റുഡിയോ റൂം എന്നിവ സ്ഥാപിച്ച് എല്ലാ സാമൂഹ്യ പഠനമുറികളിലേയ്ക്കും ക്ലാസുകൾ സംപ്രേഷണം ചെയ്യാനും, വിദ്യാർത്ഥികൾക്ക് അധ്യാപകരോട് സംവദിക്കാനും അവസരം ലഭിക്കും.<br><br>പദ്ധതിക്കാവശ്യമായ ജീവനക്കാരെ അതാത് പ്രദേശങ്ങളിലെ യോഗ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നുമാണ് തിരഞ്ഞെടുക്കുന്നത്. അതുവഴി അഭ്യസ്തവിദ്യരായ നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും. ഇതിനകം 8 നഴ്സ്, 3 സപ്പോർട്ടിംഗ് സ്റ്റാഫ്, 1 എഞ്ചിനീയർ എന്നിവർക്ക് നിയമനം നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ആദ്യഘട്ടം 16.10.2022 ന് വയനാട് ജില്ലയിലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള രോഗ നിർണ്ണയ ക്യാമ്പുകൾ 29.07.2023 ന് ആരംഭിച്ച് തുടർന്നു വരികയാണ്.<br><br>ഗുണഭോക്താക്കളുടെ പട്ടിക ശേഖരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തെ എല്ലാ ഊരുകളിലും പൂർണ്ണമായും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | സർക്കാർ അധികാരത്തിൽ വന്നശേഷം ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാതിരുന്ന 1284 ഊരുകളിൽ 1083 എണ്ണത്തിലും കണക്ടിവിറ്റി ലഭ്യമാക്കി. സംസ്ഥാനത്തെ എല്ലാ ഊരുകളിലും പൂർണ്ണമായും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പ് വരുത്തുന്നതിന് BSNL 4G സാച്ചുറേഷന്റെ ഭാഗമായി 166 ഊരുകളിൽ |

| | | | |
|---|---|---|---|
| | | | ടവറുകൾ സ്ഥാപിച്ച് വനാവകാശ നിയമം (വികസനാവകാശം) മുഖേന അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ 24 കുടികളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് BSNL ന് 4.3 കോടി രൂപ അനുവദിച്ചു. സൊസൈറ്റിക്കുടി, ഇഡ്ഡലിപ്പാറക്കുടി, ഷെഡ്കുടി, നടുക്കുടി എന്നീ കുടികളിൽ ഇന്റർനെറ്റ് സേവനം ലഭ്യമായി. ബാക്കി കുടികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ